

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## HAZRAT AMIR'UL MOMENEEN MUHYI-UD-DIN MUNIR AHMAD AZIM (atba)

**13 June 2008**

**(Summary of the Sermon)**

## *Ulemas Resemble Like Monkeys and Pigs*

## ഉലമാക്കൾ കുരങ്ങന്മാരെയും പന്നികളെയും പോലെ പെരുമാറുന്നു.

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം (atba) 2008 ജൂൺ 13-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംആ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർആനിലെ 3-ാം അധ്യായമായ സൂറ ആലുഇംറാനി-ലെ 73-ാം വചനം ഓതി വിശദീകരണം നല്കി ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഗ്രന്ഥാനുസാരികളിൽ ഒരു വിഭാഗം പറയുന്നു. വിശ്വസിച്ചവർക്ക് (മുസ്ലിംകൾക്ക്) അവതരിപ്പിക്കപ്പെട്ടതിൽ, പകലിന്റെ ആരംഭത്തിൽ നിങ്ങൾ വിശ്വാസം പ്രഖ്യാപിക്കുകയും അതിന്റെ അവസാനത്തിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്യുക. (ഇതുമുഖേന) അവർ മടങ്ങിയേക്കാം. (3:73)

ഇന്നത്തെ ജുംആ ഖുത്തുബയ്ക്ക് ഈ ആയത്തു തെരഞ്ഞെടുക്കുവാൻ കാരണം, എന്റെ വീക്ഷണത്തിൽ ഈ കാലഘട്ടത്തിൽ നാം ജീവിക്കുന്ന ചുറ്റുപാടുകൾക്ക് യോജിക്കുന്ന ഒന്നാണ് ഇതിന്റെ ഉള്ളടക്കം എന്നതുതന്നെ. തിരുനബി(സ)യുടെ കാലഘട്ടത്തിൽ കപടവിശ്വാസികൾ മുസ്ലിംകൾക്കിടയിൽ എന്താണ് നടക്കുന്നത് എന്നറിയുന്നതിനു വേണ്ടി തിരുനബി (സ)യുടെ സന്നിധിയിൽ വരിക പതിവായിരുന്നു. മുസ്ലിംകൾ എന്നു നടിച്ചിരുന്ന അവർ യഥാർത്ഥ വിശ്വാസികളെ തിരുന

ബി(സ)യ്ക്കെതിരിൽ പ്രവർത്തിയ്ക്കുവാൻ വേണ്ടി തന്ത്ര പരമായ നീക്കങ്ങൾ നടത്തിയിരുന്നു. അല്ലാഹു(ത) ഇതുസം ബന്ധമായി തിരുനബി(സ)യ്ക്ക് മുന്നറിയിപ്പു നല്കുക യുണ്ടായി. തിരുനബി(സ)യോട് അവരുടെ കാര്യത്തിൽ ജാഗ്രത പുലർത്തുവാനും, അവർ പകൽ നേരത്ത് അദ്ദേഹ ത്തോടൊപ്പവും, രാത്രികാലത്ത് തങ്ങളുടെ ഇഷ്ടക്കാരുടെ അരികിലും ചെലവഴിക്കുന്നവരാണെന്നും ഓർമ്മിപ്പിച്ചു. ഇക്കൂ ട്ടർ രാവിന്റെ യാമങ്ങളിൽ തങ്ങളുടെ കൂട്ടരുടെ അരികിലെ ത്തുന്നത് പകൽ നേരങ്ങളിൽ അവർ മനസ്സിലാക്കിയ കാര്യ ങ്ങൾ സംബന്ധിച്ച് വിവരം നല്കുന്നതിനായിരുന്നു. അങ്ങനെ തന്ത്രങ്ങളും, കുതന്ത്രങ്ങളും മെനഞ്ഞ്, തിരുനബി(സ)യ്ക്കെ തിരിൽ പോരാടുന്നതിനു വേണ്ടി അന്നത്തെക്കാലത്ത് അതൊരു നിത്യസംഭവമായിരുന്നു. പക്ഷേ, ഇക്കാലത്തും അത്തരം ആൾക്കാർ ഉണ്ട്. വിശുദ്ധഖുർആൻ എടുത്തുപറ യുന്നത് യഥാർത്ഥ മുസ്ലിംങ്ങളെ വഴിതെറ്റിക്കുവാൻ ഒരാൾക്കും സാധിക്കുകയില്ല എന്നാണ്.

അവർ സ്വയം വിഡ്ഢികളാക്കുകയാണ്. അവർക്ക് ഒരി യ്ക്കലും അല്ലാഹുവിനെയോ അവന്റെ ദാസനെയോ വിഡ്ഢി യാക്കുവാൻ സാധിക്കുകയില്ല.

നാം അല്ലാഹുവിന്റെ ഇത്തരം ദാസരെപ്പോലെയാകുക യാണ് വേണ്ടത്. മേൽപ്പറഞ്ഞ കൂട്ടരാൽ വിഡ്ഢികളാക്കപ്പെ ടാൻ നാം ഒരിയ്ക്കലും നിന്നുകൊടുക്കരുത്. തിരുനബി(സ) യുടെ കാലത്ത് അങ്ങനെ സംഭവിച്ചിരിക്കുന്നു. പകൽനേരത്ത് വിശ്വാസം പ്രഖ്യാപിയ്ക്കുകയും രാത്രികാലങ്ങളിൽ തങ്ങളുടെ കൂട്ടരോടൊപ്പമാകുമ്പോൾ (കപടവിശ്വാസികളോടൊപ്പം) ആ വിശ്വാസത്തെ മാറ്റിപ്പറയുകയും ചെയ്തവരാണ് അക്കൂട്ടർ. ഈ ആയത്തിനെപറ്റി നിങ്ങൾ ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട്. അവർക്ക് അപമാനമല്ലാതെ മറ്റൊന്നും നേടാനായില്ല. യഥാർത്ഥവിശ്വാസികളെ (മുസ്ലിംകളെ) വഴിതെറ്റിക്കുവാനുള്ള അവരുടെ ഒരു തന്ത്രവും വിജയം കണ്ടില്ല. തങ്ങളുടെ തന്ത്ര ങ്ങളൊന്നും ഫലപ്രദമാകുന്നില്ലെന്ന് തിരിച്ചറിഞ്ഞ അവർ തങ്ങ ളുടെ വാക്കുകളിലും പെരുമാറ്റത്തിലും അപമര്യാദ കുത്തി നിറയ്ക്കുവാൻ ആരംഭിച്ചു. അങ്ങനെ അല്ലാഹുവിന്റെ സന്ദേ

ശത്തെ പ്രചരിപ്പിക്കുന്നത് തടയുക എന്ന തങ്ങളുടെ പ്രധാന ലക്ഷ്യം അവർക്കു മുന്നിൽ ഒരു ബാലികേറ മലയായി മാറി.

ഈ ആയത്ത് അർത്ഥമാക്കുന്നത് അധർമ്മകാരികൾ ആയ ക്രിസ്ത്യാനികളും, ജൂതരും ആയ മതവിശ്വാസങ്ങളിൽപ്പെട്ട കൂട്ടരോട് തിരുനബി(സ)യുടെ അടുക്കൽ ചെന്ന് തങ്ങളുടെ വിശ്വാസത്തെ പ്രഖ്യാപിക്കുന്നതായി നടിക്കുന്നതും അങ്ങനെ തിരുസന്നിധിയിലെ കാര്യങ്ങളറിഞ്ഞിട്ട്, രാത്രികാലത്ത് തിരികെ തങ്ങളുടെ യഥാർത്ഥ മതക്കാരിലേക്ക് മടങ്ങുവാനും ആവശ്യപ്പെട്ടു എന്നതാണ്. ഇങ്ങനെ ഇക്കൂട്ടർ ചെയ്തിരുന്നത് വിശ്വാസികളായ മുസ്ലിംകളുടെ ഹൃദയങ്ങളെ പിന്തിരിപ്പിച്ച് തങ്ങളുടെ പഴയ വിശ്വാസത്തിലേക്ക് കൊണ്ടു പോകുവാൻ വേണ്ടി ആയിരുന്നു. തുടർന്ന് ഇസ്ലാം ഉപേക്ഷിച്ച് മടങ്ങുന്നതിനും.

തുടർന്ന് അല്ലാഹു പറയുന്നു.

തന്റെ കാരുണ്യം താനുദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകമായി നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാകുന്നു.

ഈ ആയത്ത് കേൾക്കുന്ന മാത്രയിൽ തന്നെ നമ്മുടെ ശ്രദ്ധ (ഓർമ്മ) സൂറ ജൂംആയിലെ 5-ാംമത്തെ വചനത്തിലേക്കാണ് പോവുക.

അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അവനത് നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനത്രെ.

ഇത് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം ആണ്. അവൻ താൻ ഇച്ഛിക്കുന്നവർക്ക് വിവേകജ്ഞാനം നല്കുന്നു. ഈ വിനീത ദാസനുമേൽ, ഇക്കാലത്ത്, അല്ലാഹു അവന്റെ അനുഗ്രഹ വർഷങ്ങൾ കോരിച്ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. ഈ അമൂല്യമായ സമ്മാനലഭ്യതയിൽ ചുറ്റുമുള്ള ഏവരും അസൂയ പൂണ്ടിരിക്കുന്നു. അവർ അറിയുന്നില്ല സൂറ ജൂംആയിൽ, അല്ലാഹു ഇത് പ്രവചിച്ചിട്ടുണ്ട് എന്ന്. അതായത് താൻ ഇച്ഛിക്കുന്ന താൻ തെരഞ്ഞെടുക്കുന്ന തന്റെ ഭക്തദാസനെ അല്ലാഹു തന്റെ പക്കൽ നിന്നുള്ള ദിവ്യവെളിപാടുകളാലും, അനുഗ്രഹങ്ങളാലും ബഹുമാനിതനാക്കുമെന്ന്. അല്ലാഹുവിന്റെ വിധിയെ തടുക്കുവാൻ അവർക്ക് സാധിക്കുകയില്ല. അവരിനി എന്തൊക്കെ തന്ത്രങ്ങൾ പ്രയോഗിച്ചാലും ശരി അവർ വിജയി

ക്കാനേ പോകുന്നില്ല.

വിശുദ്ധഖുർആനിലെ ഈ വചനം എടുത്തു പറയുന്നത് ഗ്രന്ഥാനുസാരികളായ വിശ്വാസികളുടെ കയ്യിൽ ധനത്തിന്റെ ഒരു കൂമ്പാരം നിങ്ങളേല്പിച്ചാലും ശരി, അതിലൊരു കുറവും വരുത്താതെ അവർ നിങ്ങൾക്ക് അത് മടക്കിത്തരുന്നതാണ് എന്നത്രേ. അതേ സമയം ഗ്രന്ഥാനുസാരികളിൽ ചിലരുണ്ട് അവരുടെ കയ്യിൽ നിങ്ങൾ വളരെ ചെറിയ തുകയാണ് ഏല്പി ക്കുന്നതെങ്കിൽ, കൂടി, പലവട്ടം തിരികെ ചോദിച്ചാൽ പോലും മടക്കിത്തരാത്തവരും ഉണ്ട്. അതിനവർ പറയുന്ന മുടന്തൻ ന്യായം ഇതാണ്. യഥാർത്ഥ വിശ്വാസികൾ വലിയലോക പരി ജ്ഞാനമില്ലാത്ത, അക്ഷരാഭ്യാസമില്ലാത്ത സാധുക്കളാണ്. അവർ വെറുതെ അല്ലാഹുവിന്റെ പേരിൽ കള്ള സാക്ഷ്യം പറ യുകയാണ്. തങ്ങൾ അവർക്ക് ഒന്നും മടക്കിക്കൊടുക്കുവാ നില്ല എന്നാണ് ഇക്കൂട്ടർ പറയുന്ന ന്യായവാദം. പക്ഷേ സത്യമെന്താണെന്ന് അവർക്കറിയാം. എങ്കിലും അവർ അത് പുറത്തു പറയുവാനോ തങ്ങളെ ഏല്പിച്ച തുക മടക്കിക്കൊ ടുക്കുവാനോ തയ്യാറാവുകയില്ല. ഇതാണ് തിരുനബി(സ)യുടെ കാലത്ത് മുസ്ലിംകളോട് ജൂതർ പെരുമാറിയ രീതി. ഈ കാല ഘട്ടത്തിലും അക്കാലത്തിലേതുപോലുള്ള ആൾക്കാരുണ്ട്. ഹസ്രത് മുഹമ്മദ് (സ)യുടെ പ്രവചന പ്രകാരം, ഇക്കൂട്ടർ (അ ത്തരം ജൂതന്മാർ) തിരുനബി(സ)യുടെ ഉമ്മത്തിൽ ജന്മമെടു ക്കുക തന്നെ ചെയ്യും. ഈ പ്രവചനം സൗകര്യപൂർവ്വം മറന്നു കളയുന്ന ഒരു പ്രവണത നമ്മുടെ ഉലമാക്കൾ പ്രകടിപ്പിക്കു ന്നുണ്ട്. സത്യത്തിൽ ആ പ്രവചനം അക്ഷരം പ്രതി പുലർന്നി രിക്കുന്നു. നമ്മുടെ മുസ്ലിം സമൂഹത്തിനു പുറത്തു നടക്കു ന്നതു നോക്കേണ്ട ആവശ്യം തന്നെയില്ല. ഇതിനുള്ളിൽ എന്താണു നടക്കുന്നത് എന്ന് കാണുക, ഹസ്രത് മുഹമ്മദ് (സ) നമ്മോട് പറഞ്ഞിരിക്കുന്നത് അവർ, നമ്മുടെ രണ്ടു കൈത്ത ലങ്ങളും, ചേർത്ത് അമർത്തിപ്പിടിക്കുന്നതുപോലെ യാതൊരുവിധ മാറ്റവും ഇല്ലാതെ, തങ്ങളുടെ പൂർവ്വികരെ പിന്തുടരുക തന്നെ ചെയ്യുന്നതാണ് എന്നാണ്. പക്ഷേ, ക്രമേണ അവർ തെറ്റുകളിലേക്ക് കൂപ്പുകുത്തുകയും, ആ ചെളി ക്കുണ്ടിലേക്ക് പിന്നാലെ വരുന്നവർ വീണുപോവുകയും

ചെയ്യുന്നതാണ്. (അന്ധമായി അനുകരിയ്ക്കുമെന്ന് സാരം) ഇത് കേട്ട തിരുനബി(സ)യുടെ സഹാബിമാർ അദ്ദേഹത്തോട് എടുത്തു ചോദിച്ചു.

അല്ലാഹുവിന്റെ പ്രവാചകരേ! അവിടുന്ന് ജൂതന്മാരെയും, ക്രിസ്ത്യാനികളെയും ആണോ ഉദ്ദേശിച്ചത്? ഹസ്രത് മുഹമ്മദ് (സ) മറുപടി നല്കി, അല്ലാതെ ആര്?

തിർമിദിയിൽ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നതായി ഹസ്രത് അബ്ദുല്ലാഹ് ബിന് ഉമർ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്റെ ഉമ്മത്തിന് ഇസ്രയേൽ ജനതയ്ക്ക് സംഭവിച്ചതുപോലെ തന്നെ സംഭവിയ്ക്കും. ഒരാളുടെ കാലുകളിലെ ചെരുപ്പുകൾ എങ്ങനെ പരസ്പരം സാമ്യം കാണിക്കുമോ അതുപോലെ ഈ ഇരുകൂട്ടരിലും സാമ്യങ്ങൾ ദർശിയ്ക്കാവുന്നതാണ്. ഖൻസുൽഉമ്മാൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന മറ്റൊരു ഹദീസ് പ്രകാരം ഹസ്രത് മുഹമ്മദ്(സ) പറഞ്ഞിരിക്കുന്നു. ജനങ്ങളിൽ ആശങ്ക പടരുന്നകാലം ആഗതമാവുമ്പോൾ അവർ സർവ്വതിനും പരിഹാരമാർഗ്ഗമന്വേഷിച്ച് ഉലമാക്കളിൽ അമിതമായി വിശ്വാസമർപ്പിക്കുകയും, അവരിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യും. അവർ പരസ്പരം കലഹിക്കുകയും, വിവിധ വിഭാഗങ്ങളായി വിഭജിച്ചു പോവുകയും ചെയ്യും. പിന്നീട് ഒരു സമയം വരും. ആ സമയത്ത്, ജനങ്ങൾ ഉലമാക്കളെ ആശ്രയിക്കുകയും ചെയ്യുന്നതാണ് എന്ന് ഹസ്രത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നു. അന്നേരം, ഉലമാക്കൾ കുരങ്ങന്മാരെ പോലെ ആയിരിക്കും. (ഇത്തരം ഉപമകൾ വിശുദ്ധഖുർആനിൽ അൽമായിദയിൽ നമുക്കു കാണാവുന്നതാണ്) ഇത്തരം ആൾക്കാരെക്കുറിച്ചുള്ള സൂചനകൾ കാണുമ്പോൾ അത് തിരുനബി (സ)യുടെ കാലഘട്ടത്തിൽ മാത്രം ബാധകമായ ഒന്നാണെന്ന് ആണോ നിങ്ങൾ കരുതിയിരിക്കുന്നത്? ഇത്തരം സംഭവങ്ങൾ ഇക്കാലത്തും സംഭവിക്കുന്നവയാണെന്ന് നിങ്ങൾ കരുതുന്നില്ലേ?

ഇത് ഈ നൂറ്റാണ്ടിലും സംഭവിക്കുന്നു. യഥാർത്ഥത്തിൽ രൂപത്തിൽ അവർ കുരങ്ങന്മാരും പന്നികളും ആകുന്നില്ല. മറിച്ച് സ്വഭാവത്തിൽ കുരങ്ങന്മാരും പന്നികളുമായി മാറുന്നു. അവർ വിശുദ്ധഖുർആന്റെയും ഹസ്രത് മുഹമ്മദ് (സ)യുടെ സുന്ന

ത്തിനെ വലിച്ചുകീറി നശിപ്പിച്ചു കളയുന്നു. ഹസ്രത് മുഹമ്മദ് (സ) വിതച്ചതെല്ലാം അവർ നശിപ്പിച്ചു കളയുന്നു. ഈ പന്നികളും കുരങ്ങന്മാരും ഹസ്രത് മുഹമ്മദ്(സ)യുടെ തോട്ടത്തെ ഫലമുള്ളതാക്കാൻ അനുവദിക്കുന്നില്ല.

തിർമിദിയിൽ മറ്റൊരു ഹദീസിൽ ഹസ്രത് അലി(റ) തിരുനബി(സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിരുനബി(സ) അരുളിയിരിക്കുന്നു. ഇസ്ലാം അതിന്റെ പേരിൽ മാത്രം നിലനില്ക്കുന്ന ഒരു കാലം വരും. ഖുർആൻ ഷരീഫ് അതിലെ അക്ഷരങ്ങൾ മാത്രം ആയിരിക്കും അന്ന്! ഇതുകൊണ്ട് വിവക്ഷിതമാകുന്നത് ഇസ്ലാം വിവിധ വിഭാഗങ്ങളായി പിരിയുമെന്നും അത് പേരിൽ മാത്രം ആയിമാറുമെന്നും വിശുദ്ധഖുർആൻ ആചാരത്തിന്റെ പേരിൽ മാത്രം പാലിയ്ക്കപ്പെടും എന്നും ആണ്. വിശുദ്ധഖുർആന്റെ യഥാർത്ഥ അർത്ഥതലങ്ങളെപറ്റി ജനങ്ങൾ ബോധവാന്മാരായിരിക്കുകയില്ല. ഉലമാക്കളുടെ പെരുമാറ്റത്തെ കുരങ്ങന്മാരുടേതിന് സമമായി ഉപമിച്ചിരുക്കുന്നതിൽ അവർ കുരങ്ങന്മാർ ആണ് എന്നല്ല ഉദ്ദേശിച്ചിരിക്കുന്നത്. മറിച്ച് അതുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത് എല്ലാം ഛിന്നഭിന്നമാക്കിക്കളയുന്ന കുരങ്ങന്മാരുടെ സ്വഭാവത്തെയാണ്. അതുമാതിരി അവർ തിരുസുന്നത്തും, വിശുദ്ധ ഖുർആൻ അധ്യാപനങ്ങളും കാറ്റിൽപ്പറത്തും എന്നത്രേ. തിരുനബി(സ) വിതച്ചതെല്ലാം നശിപ്പിക്കപ്പെടും. ആ അധ്യാപനങ്ങളെ വളർന്ന് പടർന്നു പന്തലിക്കുവാൻ ഇവർ അനുവദിയ്ക്കുകയില്ല എന്നു സാരം.

ആ കാലത്ത്, പള്ളികൾ ജനങ്ങളാൽ നിറഞ്ഞു കവിയുന്നതായിരിക്കും. നിർഭാഗ്യമെന്നു പറയട്ടെ, ആത്മീയ മാർഗ്ഗദർശനം ലഭിക്കാത്തതിനാൽ, ഇവരുടെ ഹൃദയങ്ങൾ കാലിപ്പാട്ടകൾപോലെ ആയിരിക്കും. ഇപ്പോൾ നാം നമ്മുടെ ചുറ്റുപാടുകളൊന്നു നിരീക്ഷിച്ചാൽ പള്ളികൾ നിറഞ്ഞിരിക്കുന്നതായി കാണാം. പക്ഷേ, ഇവരിലേറെയും സ്വമനസ്സാലെ വരുന്നവരല്ല. മറിച്ച്, മുല്ലാക്കളെ ഭയന്ന്, ആളെ കാണിക്കുവാനായി വരുന്നവരാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നറിയാമോ നിങ്ങൾക്ക്? ഈ മുല്ലാക്കൾ തിരുനബി(സ) വിശദമാക്കിയതുപോലെയുള്ളവരത്രേ. തിരുനബി(സ) അരു

ളുകയുണ്ടായി. തിരുനബി(സ)യുടെ കാലഘട്ടത്തിലെപോലെയുള്ള മുല്ലാക്കൾ ഇനിവരും കാലത്തും ഉണ്ടാവും. അവർ സമുദായത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ആ പ്രശ്നങ്ങൾ അവർക്കു തന്നെ എതിരായി വരികയും ചെയ്യും. അങ്ങനെ അവർ സൃഷ്ടിച്ച പ്രശ്നത്തിൽ നിന്നും രക്ഷപ്പെടാനോ, അതിനു പരിഹാരം കണ്ടെത്താനോ അവർക്ക് സാധിക്കാതെ വരും. തിരുനബി(സ) സൂചിപ്പിച്ച മുല്ലാമാർ ഞങ്ങളല്ല എന്നവർ അവകാശപ്പെടും. എന്നാൽ തീർച്ചയായും കാത്തിരുന്നുകൊള്ളൂ. ഈ മുല്ലാക്കൾ അവരെക്കാൾ തരംതാഴ്ന്ന പ്രകടനവുമായി കടന്നുവരികതന്നെ ചെയ്യുന്നതാണ്. അങ്ങനെയല്ലാതെ ആയിരിക്കുവാൻ അവർക്കു സാധ്യമല്ല തന്നെ.

അല്ലയോ, യഥാർത്ഥവിശ്വാസികളേ! നാം ഇസ്ലാമിനെ അങ്ങേയറ്റം ശ്രദ്ധയോടെ പരിപാലിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ ഭാവിയോർത്ത് നാം ആശങ്കപ്പെടേണ്ടതുണ്ട്. ഇസ്ലാമിന്റെ ഭാവി സമ്പുഷ്ടമാക്കുവാൻ ഇത്തരം മുല്ലാമാരെ മാറ്റേണ്ടതുണ്ട്. അവർ തിരുനബി(സ) നട്ടുനനച്ചു വളർത്തിയ ഫലവൃക്ഷങ്ങളെ പിഴുതെറിഞ്ഞു കൊണ്ടിരിക്കുന്നവരത്രേ. ഇസ്ലാമിന് ഇതാണ് ആവശ്യം. ഇസ്ലാമിന്റെ വിജയം കൈവരിക്കുവാനായി നാം ശാരീരികമായും, ആത്മീയമായും പൂർണ്ണമായി മുഴുകുന്നതോടൊപ്പം, നമ്മുടെ കുഞ്ഞുങ്ങൾക്ക് ദൈവീക വെളിപാടുകൾ പ്രകാരം തിരുനബി(സ)യെക്കുറിച്ചും, ഖുർആൻ അധ്യാപനങ്ങൾ സംബന്ധമായും ശക്തമായ അടിസ്ഥാനം ലഭിക്കത്തക്കവിധമുള്ള നല്ല വിദ്യാഭ്യാസം നല്കി അവരെ പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഈ കാലഘട്ടത്തിലെ മുല്ലാക്കൾ എന്നഭിമാനിക്കുന്ന കൂട്ടർ മുസ്ലിംകൾക്കിടയിൽ പരസ്പരം സംഘർഷം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നവരാണ്. വിശ്വാസം സംരക്ഷിക്കുക എന്ന പോസ്റ്റർ കാണുന്നയിടത്തെല്ലാം പതിപ്പിക്കുക എന്നതാണ് അവരുടെ മുദ്രാവാക്യം. അങ്ങനെയല്ലാത്തവർ ഒന്നും തന്നെ വിശ്വാസികൾ അല്ല എന്നാണവരുടെ വിവക്ഷ. കൂടാതെ, തിരുനബി(സ) അവസാനത്ത പ്രവാചകൻ ആണെന്നും അവർ വാദമുഖമുയർത്തുന്നു. അദ്ദേഹത്തിനു ശേഷം പ്രവാചകരൊന്നും വരില്ല എന്നും അവർ

പ്രഖ്യാപിക്കുന്നു. അവരുടെ വാദമുഖം കേട്ടാൽ അല്ലാഹു അവരിൽ നിന്നും അതിനുള്ള അനുവാദം വാങ്ങിയിട്ടുണ്ട് എന്ന് തോന്നും. ഹസ്രത് മുഹമ്മദ് (സ)യുടെ മിമ്പറിൽ കയറി നിന്നു കൊണ്ട് അവർ നിങ്ങളുടെ സഹോദരങ്ങളുടെ ഹൃദയങ്ങളിൽ വിദ്വേഷം വർഷിച്ചുകൊണ്ട് രോഷം കൊള്ളുകയാണ്. അവരെ കാഫിർ എന്ന് ആക്ഷേപിച്ചും, അമുസ്ലിംകൾ എന്നു വിളിച്ചും പരിഹസിക്കുകയാണ്. ഇതൊക്കെ കാണുമ്പോൾ വിശ്വാസത്തിന്റെ ഉത്തുംഗപദവി കൈവരിച്ചവർ ആണ് അവരെന്നു നമുക്കു തോന്നും. അവർ സ്വയം, തങ്ങളെ വിശ്വാസത്തിന്റെ കാവൽ മാലാഖമാരായി അവരോധിക്കുകയാണ്. വാസ്തവത്തിൽ അല്ലാഹു ആർക്കും-അവന്റെ പ്രവാചകർക്കോ, മലക്കുകൾക്കോ, ആർക്കുമോ തന്നെ വിശ്വാസത്തിന്റെ ലൈസൻസ് നല്കിയിട്ടില്ല. അവരുടെ വിചാരം അവരാണ് ഈമാൻ പകർന്നു നല്കുന്നവർ എന്നാണ്! വിശ്വാസം കൈമുതലായോ, നയിയ്ക്കാൻ പ്രാപ്തരായ ഇമാമോ ഇല്ലാതിരിക്കെ തന്നെയാണ് ഈ നാടകം.

അവർ പ്രവാചകത്വത്തിന്റെ വാതിലുകൾ കൊട്ടിയടച്ചു കൊണ്ട് തിരുനബി(സ)യ്ക്കു ശേഷം ഇനി ഒരു പ്രവാചകൻ വരില്ല എന്നു പ്രഖ്യാപിച്ചിരിക്കുന്നു. അതേ സമയം, ഖുർആൻ ശരീഫിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നത്, ഖിയാമത്ത് നാൾവരെയും അല്ലാഹു അതിലെ അധ്യാപനങ്ങളെ സംരക്ഷിക്കും എന്നാണ്. ഒരു മുത്തഖിയെ സംബന്ധിച്ചിടത്തോളം, പരിശുദ്ധ ഖുർആൻ മാർഗ്ഗദർശനം ആണ് എന്നത് നിസ്സംശയം പറയാവുന്ന ഒന്നാണ്. ഭക്തദാസരായ ആളുകൾക്കുമാത്രമേ വിശുദ്ധഖുർആന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ എന്നത് സത്യമായ ഒരു വസ്തുതയാണ്. അല്ലാഹു ഖിയാമത്ത് നാൾ വരെ എങ്ങനെയാണ് വിശുദ്ധഖുർആൻ സംരക്ഷിക്കുന്നത് എന്നത് സംബന്ധിച്ച് നിങ്ങൾക്കു വല്ല അറിവുമുണ്ടോ?

അല്ലാഹു(ത) ഹസ്രത് മുഹമ്മദ് (സ)യ്ക്കു ശേഷം, തന്നെ പിൻതുടർന്ന് വരുന്നവരെ സംബന്ധിച്ച്, അറിയിച്ചു കൊടുക്കുന്ന അനേകം ആയത്തുകൾ വിശുദ്ധഖുർആനിൽ കാണാവുന്നതാണ്. അവ സംബന്ധിച്ച് ഞാൻ മറ്റൊരു ഖുത്തുബയിൽ വിശദമാക്കുന്നതാണ് ഇൻശാഹ് അല്ലാഹ്!

ഇസ്ലാമിന്റെ സംരക്ഷകരാണെന്ന് അവകാശപ്പെടുന്ന മുല്ലാക്കൾ അതേ സമയം തന്നെ തങ്ങളുടെ സഹോദരങ്ങളെ കാഫിറുകൾ എന്ന് മുദ്രകുത്തി ഹജ്ജിന്റെ വാതിലുകൾ അവർക്കു മുന്നിൽ കൊട്ടിയടക്കുകയും ചെയ്യുന്നു എന്നത് വിരോധാഭാസം തന്നെ! വിശുദ്ധഖുർആന്റെയും ഹസ്രത് മുഹമ്മദ് (സ)യുടെയും അധ്യാപനങ്ങളെ കാറ്റിൽപറത്തിക്കൊണ്ടിരിക്കുന്ന അക്കൂട്ടർ സംസ്ക്കാരശൂന്യർ തന്നെ.

പ്രവാചകത്വത്തിന്റെ വാതിലുകൾ എന്നേക്കുമായി അടയക്കപ്പെട്ടു എന്നും തിരുനബി(സ) അന്ത്യപ്രവാചകൻ ആണെന്നും വാദിക്കുന്ന അവർ നിലവാരം താഴ്ന്ന രീതിയിൽ ആയിരിക്കുന്നു. അതേ കൂട്ടർ തന്നെ, എന്നിട്ട്, സ്വർഗ്ഗത്തിൽ നിന്നും ഭൗതീക ശരീരത്തോടെയുള്ള ഈസാ(അ)യുടെ വരവിനായി കാത്തിരിക്കുകയും ചെയ്യുന്നു. ഈ മുല്ലാക്കളുടെ അഭിപ്രായമനുസരിച്ച്, ഹസ്രത് ഈസാ (അ) 13-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ, 14-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലോ ആഗതനാകേണ്ടതാണ്. അങ്ങനെ ഹസ്രത് ഈസാ (അ)യുടെ സ്വർഗ്ഗത്തിൽ നിന്നുള്ള (ആകാശത്തുനിന്നുള്ള) വരവിനായുള്ള കാത്തിരിപ്പിനിടയിൽ തന്നെ, ക്ഷമ നശിച്ചിട്ടാകണം, അവരുടെയിടയിൽ നിന്നും ഒരാൾ 15-ാം നൂറ്റാണ്ടിലേക്കുള്ള പരിഷ്കർത്താവ് താനാണെന്ന് പ്രഖ്യാപിയ്ക്കുകയും ചെയ്തിരിക്കുന്നു.

നമ്മുടെ മുസ്ലിം സഹോദരീ, സഹോദരന്മാർക്ക് ഹസ്രത് ഈസാ(അ) വരിക തന്നെ ചെയ്യും എന്ന പ്രതീക്ഷ എത്ര നാളായി നിങ്ങൾ നല്കുന്നു? അവർ പറയുന്നത് അദ്ദേഹം വരും. നിങ്ങളൊന്നു കാത്തിരിക്കൂ എന്നാണ്. പറഞ്ഞു പറഞ്ഞ് മുല്ലാക്കൾ ഭൂമിയിലെ ദൈവമാണ് എന്ന മട്ടിലാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. സ്വയം തങ്ങളുടെ ഈമാനെയും, സ്വന്തം നഫ്സിനെയും നിയന്ത്രിക്കുവാൻ സാധിയ്ക്കാത്ത ഇക്കൂട്ടരാണ് മറ്റുള്ളവരുട ഈമാനെ അളക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. മതത്തിൽ യാതൊരു നിർബന്ധവും ഇല്ല. സൂറ അൽകാഫിറൂനിൽ ഇത്തരം ആൾക്കാരോടു പറയുവാനായി അല്ലാഹു എടുത്തു കാട്ടിയിരിക്കുന്നത് നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം എന്നത്രേ.

ഞാനാദ്യം പറഞ്ഞ ഹദീസ് അക്ഷരംപ്രതി ഈ കാലഘട്ടത്തിൽ പുലർന്നിരിക്കുന്നത് ഇക്കൂട്ടരിലൂടെയാണ്. ഹസ്രത് മുഹമ്മദ്(സ) പ്രവചിച്ചിരുന്ന എന്റെ ഉമ്മത്തിലെ ഏറ്റവും മോശക്കാരായ മുല്ലാക്കൾ ഇക്കൂട്ടരായിരിക്കും എന്നത് പൂർണ്ണമായി പ്രകടമായിരിക്കുന്നു. അവർ അങ്ങേയറ്റം മാന്യതയില്ലാത്ത പെരുമാറ്റം പ്രകടിപ്പിക്കുന്നവരായിരിക്കും. ഇത്തരക്കാരെ കാണാൻ അധികം തെരയുകയൊന്നും വേണ്ട. നമുക്കു ചുറ്റും ഒന്നു കണ്ണോടിച്ചാൽ മതി.

ഹസ്രത് മസീഹ് മൗഊദ് (അ)തന്റെ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത് നോക്കുക. അല്ലയോ, സത്യാന്വേഷികളേ! നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ വിമലമാക്കാതിരിക്കുവാനും, മാലാഖമാരുടെ (മലക്കുകളുടെ) സംരക്ഷണ വലയത്തിലാകുന്നതിനും ആഗ്രഹിയ്ക്കുന്നുണ്ട് എങ്കിൽ നിങ്ങൾ ശരിയായ സത്യത്തിന്റെ പാത അന്വേഷിയ്ക്കുവിൻ. ഇനി നിങ്ങൾക്ക് ആ പാത കണ്ടെത്താനായില്ല എങ്കിൽ, അല്ലാഹുവിന്റെ കണ്ണുകളിലൂടെ കാണുകയും, അവന്റെ സത്യത്തിലൂടെ ചരിയ്ക്കുകയും ചെയ്യുന്ന ആളുടെ വസ്ത്രാഞ്ചലത്തിൽ മുറുകെ പിടിച്ചുകൊളളുവിൻ. കാരണം അദ്ദേഹം ശരിയായ സത്യത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുന്നവനത്രേ. ഈ കാര്യം ഞാൻ ഒരാൾ കേൾക്കാൻ ഇഷ്ടപ്പെട്ടാലും, ഇല്ലെങ്കിലും ശരി, പറഞ്ഞുകൊണ്ടേയിരിക്കും. വ്യക്തമായ സത്യത്തിലേക്കുള്ള വഴി ഇതാണ്. ഇങ്ങനെയാണ് അല്ലാഹു തന്റെ അധ്യാപനങ്ങളെ ചേതനയുള്ളവയാക്കി കാലാകാലം നിലനിർത്തുന്നത്. അവന്റെ വാക്കുകൾ, ഖുർആനിൽ പറഞ്ഞിരിക്കുന്ന പ്രകാരം ജീവസ്സുറ്റവയായി നിലനിർത്തി പോരുന്നത് ഇങ്ങനെ തന്നെയാണ്.

വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ നാം അറിയുന്നില്ലേ അവയിലെ അധ്യാപനങ്ങൾ ഇപ്പോഴും നമുക്ക് വഴികാട്ടുന്നുണ്ട് എന്നും, ഇപ്പോഴും പ്രായോഗികമാണെന്നും. 1429 വർഷങ്ങൾക്കു മുമ്പുതന്നെ അല്ലാഹു(ത) നബി(സ)യ്ക്ക് ഈ ലോകത്തെ സംഭവവികാസങ്ങളെപറ്റിയും അവയുടെ പോക്കിനെപറ്റിയും, ഗതിവിഗതികളെപറ്റിയും ഒക്കെ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. ഓരോ ദൃഷ്ടാന്തങ്ങളുടെയും രഹസ്യ

ങ്ങളെപ്പറ്റിയും വിശദമാക്കി നല്കുകയുണ്ടായി. ഇപ്പോൾ ശാസ്ത്രജ്ഞർ ഈ രഹസ്യങ്ങളെ (സത്യങ്ങളെ) കണ്ടെത്തിക്കൊണ്ടിരിക്കുന്നു.

ഇനിയും അനേകം കാര്യങ്ങൾ മറനീക്കപ്പെടേണ്ടതായിട്ടുണ്ട്. ഇങ്ങനെയാണ് അല്ലാഹു ക്രമാനുഗതമായി തന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നത്. അദൃശ്യമായതിനെ അവൻ ദൃശ്യമാക്കുന്നു. വാസ്തവത്തിൽ നമുക്ക് ദൃശ്യമായിരിക്കുന്നതിനേക്കാൾ ഏറെ വിശാലമാണ് അദൃശ്യമായിരിക്കുന്ന ലോകം.

അല്ലാഹുവിന്റെ വചനങ്ങൾക്ക് എത്ര ആഴമേറിയ അർത്ഥതലങ്ങളാണുള്ളത് എന്ന് നാം വിശുദ്ധഖുർആനിൽ നിന്നും മനസ്സിലാക്കുന്നുണ്ട്. അവയുടെ ആഴവും പരപ്പും നമ്മുടെ ഗ്രാഹ്യശേഷിക്കും അപ്പുറമാണ്. സമുദ്രത്തെ മഷിയാക്കി, നാം അവയെ വിശദീകരിക്കാൻ ശ്രമിച്ചാൽതന്നെ, ഈ സമുദ്രങ്ങളിലെ ജലം മതിയാകാതെ വരുന്നതാണ്.

സമുദ്രങ്ങൾ വറ്റിവരളും. പക്ഷേ, വിശുദ്ധഖുർആൻ പിന്നെയും വിശദീകരിയ്ക്കപ്പെടുവാനായി അവശേഷിക്കുക തന്നെ ചെയ്യും. പണ്ട് നാം എഴുതുവാൻ ഉപയോഗിച്ചിരുന്ന മഷിയുടെ കുപ്പിയെപ്പറ്റി ഓന്നോർത്തു നോക്കൂ. ആസ്ഥാനത്ത് സമുദ്രമാകുന്ന മഷി!!! ആ ഒരു കുപ്പി മഷി ഉപയോഗിച്ചു നാം എത്രയധികം എഴുതിയിരുന്നു. അങ്ങനെങ്കിൽ ഈ ഒരു കടൽമഷി ഉപയോഗിച്ച് എന്തുമാത്രം എഴുതാനാകും!

അല്ലാഹു ജീവിച്ചിരിക്കുന്നവൻ ആകുന്നു. അതുപോലെ തന്നെയാണ്, അവന്റെ അധ്യാപനങ്ങളും, അവന്റെ അടയാളങ്ങളും, അവന്റെ ദൃഷ്ടാന്തങ്ങളും എല്ലാം. നാം നേരിട്ടുകൊണ്ടിരിക്കുന്ന പരീക്ഷണങ്ങളും, പ്രയാസങ്ങളുമൊക്കെ അവന്റെ അടയാളങ്ങൾ തന്നെയാണ്. ഇസ്ലാമികാധ്യാപനങ്ങൾ പഴഞ്ചനാണെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. സത്യത്തിൽ ഇപ്പോൾ ആളുകൾ ഇവയെപൊടി തട്ടിയെടുത്തുകൊണ്ടിരിക്കുകയാണ്.

എന്നാൽ കണ്ട സ്ഥലങ്ങളിലെല്ലാം പോസ്റ്റർ പതിപ്പിച്ചു നടന്ന ആ മുല്ലാമാർ ഇപ്പോൾ എവിടെയാണ്? മറ്റുള്ളവരുടെ ഈമാൻ അളന്നു നടക്കുകയാണോ? അവരെ കാഫിറുകളാക്കി കാണിച്ചുനടക്കുകയാണോ? ഇസ്ലാമിന്റെ സംരക്ഷകരെന്ന് നടിക്കുന്ന അവർ ഇസ്ലാമിനെയും ഹസ്രത് മുഹമ്മദ് (സ)യെയും

താറടിച്ചുകാണിയ്ക്കുന്നവർക്കെതിരേ ഒരക്ഷരം മിണ്ടുന്നില്ല ല്ലോ? അതിനുവേണ്ടി അവർ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടുക പോലും ചെയ്യുന്നില്ലല്ലോ? ഇസ്ലാമിനെ താറടിച്ചു കാട്ടു ന്നവർ നമ്മുടെ പുണ്യപ്രവാചകൻ(സ)യെ മോശമായി ചിത്രീ കരിച്ചു കൊണ്ടെയിരിക്കുന്നു. എവിടെപോയി ഈ മുല്ലാമാർ? ഇത്തരം പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ അവർ മൗനം പാലിക്കുകയാണ് ഇതുവരെ, അവർ കാഫിർ എന്നു മുദ്രകു ത്തിയ ആ ഒരാൾ മാത്രമല്ലേ ഈ മോശം ചിത്രീകരണങ്ങൾക്കെ തിരിൽ ചങ്കൂറ്റത്തോടെ പ്രതികരിയ്ക്കാൻ മുന്നിട്ടിറിങ്ങിയിട്ടു ള്ളൂ. അങ്ങനെ അദ്ദേഹം ഇറങ്ങിയപ്പോൾ അദ്ദേഹത്തിന് പിന്തുണ നല്കുന്നതിനു പകരം ഇവരെന്താണ് ചെയ്തത്? ഇവർ പ്രതിപക്ഷം ചേർന്ന് അവരെ സംരക്ഷിക്കുവാൻ പോയി. ഇവിടെ അല്ലാഹുവിന്റെ റസൂലി(സ)ന്റെ പ്രവചനം സത്യമായി പുലർന്നത് നിങ്ങൾ കാണുന്നില്ലേ? ഇക്കൂട്ടരെ അജ്ഞതയിൽ നിന്നും കരകയറ്റുന്നതിനായി അല്ലാഹു തന്റെ തെരഞ്ഞെടു ക്കപ്പെട്ട ദാസനെ അയക്കേണ്ടതാണ് എന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? **ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും** എന്ന താണ് അവരുടെ അവസ്ഥ. മുസ്ലിംകളെ ആത്മീയമായി കൊല ചെയ്യുന്ന മുല്ലാക്കളെ പുനഃരുദ്ധരിയ്ക്കുന്നതിനായി അല്ലാഹു തെരഞ്ഞെടുത്ത ദാസന്മാരെ അയയ്ക്കേണ്ടതുണ്ട്. അവർ പരിപൂർണ്ണ അന്ധകാരത്തിലാണ്ടു കിടക്കുകയാണ്.

ഹസ്രത് മുഹമ്മദ് (സ)യുടെ പൂന്തോപ്പിലെ കളകളെയും, അനാവശ്യ മരങ്ങളെയും പിഴുതെറിഞ്ഞ്, അതിനെ ഹസ്രത് മുഹമ്മദ് (സ) വിശുദ്ധഖുർആനിൽ സൂചിപ്പിച്ച ശല്യക്കാരായ മൃഗങ്ങളിൽ നിന്നും (അവയുടെ സ്വഭാവ സവിശേഷതകൾ പ്രകടിപ്പിക്കുന്നവരാണ് വിവക്ഷിതമായിരിക്കുന്നത്) സംരക്ഷി ക്കുവാൻ വേണ്ടിയുള്ള ജമാഅത്താണ് ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്ത്.

നിർഭാഗ്യവശാൽ, ആ പൂന്തോപ്പിനെ ഭംഗിയായി സംര ക്ഷിക്കുവാൻ അഹ്മദീ മുസ്ലിംകൾക്കു കഴിയാതെ പോയിരിക്കു ന്നു. അല്ലാഹുവിൽ നിന്നും വെളിപാടുകൾ ലഭിക്കുകയും, അവന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം വർത്തി ക്കുകയും ചെയ്ത ഒരു ദൈവീക മനുഷ്യനായിരുന്നു ഹസ്രത് മസീഹ് മൗഊദ്(അ). അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാ

അത്ത് അംഗങ്ങൾക്കും ആരോപണങ്ങളെയും, പീഢകളെയും, പരിഹാസങ്ങളെയും, ഒറ്റപ്പെടുത്തലുകളെയും ഒക്കെ നേരിടേണ്ടി വന്നിട്ടുണ്ട്. ഹസ്രത് മുഹമ്മദ്(സ)യെ പോലെ ഇസ്ലാമികാധ്യാപനങ്ങളുടേയും, ജമാഅത്തിലെ ഇസ്ലാമിനു വേണ്ടി സ്വജീവൻ ത്യാഗം ചെയ്ത ആളുകളുടെ ധനത്തെപ്പറ്റിയും ഒക്കെ അദ്ദേഹം സദാ ഉത്കണ്ഠ പുലർത്തിയിരുന്നു. മുല്ലാക്കൾ എന്നവകാശപ്പെടുന്നവർ ഖുർആൻ അധ്യാപനങ്ങളും, ഹസ്രത് മുഹമ്മദ് (സ)യുടെ സുന്നത്തും, ഹസ്രത് മസീഹ് മൗഊദ് (അ)യുടെ അധ്യാപനങ്ങളും കാറ്റിൽ പറത്തുകയും, സ്രഷ്ടാവായ അല്ലാഹുവിനെ വിട്ട് അവന്റെ സൃഷ്ടികൾക്ക് മുൻഗണന നല്കുകയും ചെയ്യുന്നതാണ്. ഇതാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു ശപിച്ചിരിക്കുന്ന ഷിർക്ക്.

ഇന്നത്തെ ഖുത്തുബ ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ ഇക്കാര്യങ്ങൾ ഏറെ ശ്രദ്ധയോടെ പരിഗണിക്കുകയും, നിങ്ങളുടെ ആത്മീയ നിലവാരമുയർത്തുന്നതിനും, ക്ഷേമത്തിനുമായി അത് പ്രയോജനപ്പെടുത്തുകയും ചെയ്യും എന്നു പ്രതീക്ഷിക്കുന്നു.

ഇത് നിങ്ങൾ അവഗണിക്കുകയാണെങ്കിൽ, അത് നിങ്ങൾക്ക് ദോഷകരമായി ഭവിക്കുന്നതാണ്. കാരണം ഇതിന് നിങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടതാണ്.


ഈ ദൈവീക സന്ദേശങ്ങളെ കളിയാക്കുകയോ, പരിഹസിക്കുകയോ ചെയ്യുന്നതിനു മുമ്പായി ഒരു കാര്യം ഓർത്തുവയ്ക്കുക. അതിന്റെ പരിണിതഫലം വളരെ ഗൗരവമേറിയതു തന്നെയായിരിക്കും എന്ന് ഞാൻ താക്കീതു നല്കുന്നു.

ഹസ്രത് മസീഹ് മൗഊദ് (അ) അത്ഭുതകരമായ ജീവിതം (Miracle Life) നയിച്ച ഒരാൾ മാത്രം ആയിരുന്നില്ല-അതായത് അദ്ദേഹം അല്ലാഹുവിന്റെ അനേകം ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയാകുകയും, അല്ലാഹുവിൽ നിന്നും വെളിപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്ന ആൾ-മറിച്ച്, അദ്ദേഹം നിരന്തരം, ആത്മാർത്ഥമായി തന്റെ ജമാഅത്തിനായി ദുആയിൽ മുഴുകുകയും ചെയ്തിരുന്നു. ജമാഅത്ത്-ജമാഅത്തിലെ അംഗങ്ങൾക്കും അല്ലാഹുവിന്റെ അടയാളങ്ങൾക്ക് (ദൃഷ്ടാന്തങ്ങൾക്ക്) സാക്ഷ്യം വഹിക്കുവാൻ സാധിക്കുമാറ്! ആത്മീയ

ഒന്നത്യം പ്രാപിയ്ക്കുവാൻ വേണ്ടി!

അതിനാൽ, ഹസ്രത് മസീഹ് മൗഊദ്(അ)യുടെ യഥാർത്ഥ അനുയായികളായ, നല്ല അഹ്മദി മുസ്ലിംസഹോദരങ്ങളേ, നിങ്ങളുടെ ദൈനം ദിന ജീവിതത്തിൽ നിങ്ങൾക്ക് അനേകം അടയാളങ്ങൾ കാണാം. നിങ്ങൾ, നിങ്ങൾക്കു ണ്ടാകുന്ന കശ്ഫ്, സ്വപ്നം, നിത്യേനയുള്ള ജീവിതാനുഭവങ്ങൾ ഇവ ഒന്ന് അപഗ്രഥിച്ചു നോക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് അവന്റെ അനുഗ്രഹങ്ങളും, ഔദാര്യങ്ങളും വാരിക്കോരിത്തന്നി രിക്കുന്നതായി തിരിച്ചറിയും. അല്ലാഹു ഭൂമിയിലേക്ക് ഇറങ്ങുന്നു (ആകാശത്തു നിന്നും) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയമായി മരിച്ചു ജീവിക്കുന്നവരെ ജീവിപ്പിക്കും (ഉ ണർത്തും) എന്നാണ്. ഭൂമിയിലേക്ക് ഇറങ്ങുക എന്നത് യഥാർത്ഥ ഭയഭക്തിയുള്ള വിശ്വാസികളുടെ ഹൃദയങ്ങളെ അല്ലാഹു അവന്റെ ചൈതന്യത്താൽ പ്രകാശിപ്പിക്കുകയും, അവന്റെ പ്രത്യക്ഷീഭാവത്തെ അവരിലൂടെ പ്രകടമാക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ഇതിലും വലിയ അടയാളം നിങ്ങൾക്ക് വേറെ വേണോ?

യഥാർത്ഥ ദൈവഭക്തദാസർ ഈ നിർദ്ദേശങ്ങൾ പാലി ക്കുമെന്ന് കരുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മീയ മരണം വരിച്ചു ജീവിക്കുന്നവരെ പുനഃരുജ്ജീവിപ്പി ക്കാൻ നമ്മുടെ പരിശ്രമങ്ങളും, ദുആകളും കൊണ്ട് സാധി ക്കുമാറാകട്ടെ. ഇൻശാഹ് അല്ലാഹ്, നമ്മുടെ ദൗത്യം വിജയി ക്കുക തന്നെ ചെയ്യും.



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*